**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5306** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ടെസ്റ്റുകൾക്കായി ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങളിൽ ഇളവു നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾക്കായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങളിൽ എന്തെങ്കിലും ഇളവുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയ പരിഷ്കാരത്തിൽ താഴെ പറയുന്ന ഇളവുകൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1. ഡ്രൈവിംഗ് ടെസ്റ്റിനു ശേഷം എല്ലാ ദിവസവും ഫിറ്റ്നസ് ടെസ്റ്റുകൾ കൂടി നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതും, ആയത് ഓഫീസർമാരുടെ ലഭ്യത അനുസരിച്ച് ക്രമീകരിക്കുവാനും നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>2. കണ്ണ് പരിശോധനാ സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകൾ സമർപ്പിച്ച് ലേണേഴ്സ് ടെസ്റ്റിനു അർഹത നേടിയവർക്ക് ലേണേഴ്സ് ലൈസൻസ് കാലാവധി അവസാനിച്ച് റി ഇഷ്യുവിനു അപേക്ഷിക്കുമ്പോൾ വീണ്ടും കണ്ണ് പരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.<br><br>3. ലേണേഴ്സ് ലൈസൻസ് കാലാവധി കഴിഞ്ഞാൽ അടുത്ത ദിവസം തന്നെ റി ഇഷ്യൂ ചെയ്യുവാനുള്ള നടപടികൾ സോഫ്റ്റ് വെയർ മാറ്റം വരുത്തി നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ